# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 670 — 01/12/2015-ൽ മറുപടിക്ക്

## സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിലെ ദുരവസ്ഥ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ പകർച്ചവ്യാധികൾ കൊണ്ടും പോഷകാഹാരക്കുറവ് നിമിത്തവും കുട്ടികളും ഗർഭിണികളും ഉൾപ്പെടെയുള്ളവർ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ എടുത്ത നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; നടപടികൾ ഫലവത്തായോ; വയനാട് ജില്ലയിൽ ഉൾപ്പെടെയുള്ള ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയാതെ വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ കോളനികളിൽ പകർച്ചവ്യാധികൾ തടയുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ആരോഗ്യ വകുപ്പിന്റെയും സഹായത്തോടുകൂടി മഴക്കാലപൂർവ്വ രോഗങ്ങൾ ഉൾപ്പെടെയുള്ളവ പരിഹരിക്കുന്നതിനും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചു വരുന്നു. ആദിവാസികളായ സ്ത്രീകൾക്കും കുട്ടികൾക്കും അനുഭവപ്പെടുന്ന പോഷണക്കുറവ് ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യ നീതി വകുപ്പും ആരോഗ്യ വകുപ്പും, വിവിധ ക്ഷേമ പദ്ധതികൾ നടപ്പാക്കി വരുന്നു. ടി പദ്ധതികൾ നടപ്പാക്കുന്നതിൽ കുടുംബശ്രീ പ്രവർത്തകരുടെയും [redacted] സഹായം ലഭ്യമാകുന്നുണ്ട്. ദേശീയ ഗ്രാമീണ ഉപജീവനോപാധി വികസന ദൗത്യ (എൻ.ആർ.എൽ.എം) ന്റെ ഭാഗമായി അട്ടപ്പാടിയിലെ ഒട്ടുമിക്ക ഊരുകളിലും കമ്മ്യൂണിറ്റി കിച്ചനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൌമാരക്കാരായ പെൺകുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, ശിശുക്കൾ, അശക്തർ, വൃദ്ധർ എന്നിവർക്ക് പാകം ചെയ്ത ഭക്ഷണം പ്രദാനം ചെയ്തുവരുന്നു. പി.വി.റ്റി.ജി. മേഖലകളിൽ ഭക്ഷ്യ ധാന്യങ്ങൾ സൌജന്യമായി വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാനത്താകെയുള്ള പട്ടികവർഗ്ഗ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ആവശ്യാനുസരണം പോഷകാഹാരം വാങ്ങി ഭക്ഷിക്കുന്നതിന് പ്രതിമാസം 1000/- രൂപ ജനനി-ജന്മരക്ഷാ പദ്ധതിയിലൂടെ വിതരണം ചെയ്യുന്നു. സർക്കാർ സ്വീകരിച്ച നടപടികൾ ഫലവത്തായി ഭവിച്ചിട്ടുണ്ട്. വയനാട് ജില്ല ഉൾപ്പെടെയുള്ള ജില്ലകളിൽ മേൽ പരാമർശിത വിഷയങ്ങളിൽ പരിഹാരം കാണാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ